**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1643** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>വാഹനാപകടങ്ങൾ കുറയ്ക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നടന്ന വാഹനാപകടങ്ങൾ എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

**<u>മറുപടി:</u>**

| വർഷം | വാഹനാപകടങ്ങൾ |
|---|---|
| 2021 | 33296 |
| 2022 | 43910 |
| 2023 | 48091 |
| 2024 | 48898 |
| 2025 | 49911 |

**(ബി)** വാഹനാപകടങ്ങളിൽ എത്രപേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് 01.01.2021 മുതൽ 09.10.2026 വരെ വാഹന അപകടങ്ങളിൽ 22334 (ഇരുപത്തിരണ്ടായിരത്തി മുന്നൂറ്റിമുപ്പത്തിനാല് ) പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്.

**(സി)** കഴിഞ്ഞ സർക്കാർ സ്ഥാപിച്ച എ.ഐ. ക്യാമറകളുടെ പ്രവർത്തനം കാരണം വാഹനാപകടങ്ങളുടെ എണ്ണത്തിൽ നിയന്ത്രണം വന്നിട്ടുണ്ടോ;

**<u>മറുപടി:</u>** വാഹനാപകടങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ലെങ്കിലും അപകട മരണങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്.

**(ഡി)** എ.ഐ. ക്യാമറ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; ഈ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്, അപകടങ്ങൾ കുറയ്ക്കുന്നതിനായി എ.ഐ. ക്യാമറ സംവിധാനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ആലോചിച്ചു വരുന്നു.

**(ഇ)** വാഹനാപകടങ്ങൾ കുറയുന്നതിന് മറ്റ് എന്തെല്ലാം പദ്ധതികൾ ആണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും, റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനുമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പ്രധാന ദേശീയപാതകളിൽ 24 മണിക്കൂറും ഹൈവേ പട്രോളിംഗ് ശക്തമാക്കി അപകടസാധ്യതയുള്ള മേഖലകളിൽ നിരീക്ഷണം നടത്തുകയും അമിതവേഗത, മദ്യപിച്ച് വാഹനമോടിക്കൽ, ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കാതിരിക്കൽ, ഡ്രൈവിങ്ങിനിടെ മൊബൈൽ ഫോൺ ഉപയോഗിക്കൽ തുടങ്ങിയ നിയമ ലംഘനങ്ങൾക്കെതിരെ കർശന പരിശോധനകൾ നടത്തുകയും ചെയ്യുന്നു.അപകടസാധ്യത മുൻകൂട്ടി തിരിച്ചറിഞ്ഞ് ശക്തമായ നടപടികൾ ആസൂത്രണം ചെയ്യുന്നതിനായി AI-TRACK (AI Kerala) സംവിധാനം പ്രയോജനപ്പെടുത്തുന്നു

അപകട സാധ്യതയുള്ള സ്ഥലങ്ങളിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

പോലീസും മോട്ടോർവാഹന വകുപ്പും ഉൾപ്പെടെയുള്ള ഏജൻസികൾ കൂടുതൽ നിരീക്ഷണ ക്യാമറകളും ഇൻറർസെപ്റ്റർ പോലുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയതും അപകടങ്ങൾ കുറയാൻ സഹായിച്ചിട്ടുണ്ട്. കൂടാതെ, റോഡ് സുരക്ഷാ ബോധവൽക്കരണവും ഡ്രൈവർ പരിശീലനവും നടത്തിവരുന്നതോടൊപ്പം, NHAI, PWD, മോട്ടോർ വാഹന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ഏകോപിച്ച് റോഡ് സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും, AI Accident Prediction സംവിധാനം ഉപയോഗിച്ച് അപകടസാധ്യത കൂടുതലുള്ള സ്ഥലങ്ങളും ബ്ലാക്ക് സ്പോട്ടുകളും കണ്ടെത്തി ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ റോഡ് അടയാളങ്ങൾ, സൈൻ ബോർഡുകൾ, റിഫ്ലക്ടറുകൾ, സീബ്ര ക്രോസിങ്ങുകൾ, ക്രാഷ് ബാരിയറുകൾ, തെരുവുവിളക്കുകൾ തുടങ്ങിയ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും തിരക്കേറിയ ജംഗ്ഷനുകളിലും കാൽനടയാത്രക്കാർ കൂടുതലുള്ള മേഖലകളിലും പെലിക്കൻ ക്രോസിങ്, സ്മാർട്ട് പെഡസ്ട്രിയൻ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപനം നടത്തിവരുന്നു. സ്കൂളുകൾ, കോളേജുകൾ, ഡ്രൈവർമാർ, പൊതുജനങ്ങൾ എന്നിവരെ പങ്കെടുപ്പിച്ച് റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നു. പോലീസ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ദേശീയപാത അതോറിറ്റി, കേരള റോഡ് സുരക്ഷാ അതോറിറ്റി തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തോടെ അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം iRAD/eDAR, RAPID തുടങ്ങിയ സംവിധാനങ്ങളിലെ അപകടവിവരങ്ങൾ വിശകലനം ചെയ്ത് അപകടകാരണങ്ങൾ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർപ്രതിരോധ നടപടികൾ ആസൂത്രണം ചെയ്ത് വരുന്നു.

സംസ്ഥാനത്ത് റോഡ് അപകടങ്ങളും മരണങ്ങളും കുറയ്ക്കുന്നതിനായി 2026 ഒക്ടോബർ 6-ന് പുറപ്പെടുവിച്ച ഉത്തരവ് (സ.ഉ.(കൈ) നം.24/2026/TRANS) പ്രകാരം സമഗ്രമായ സുരക്ഷാ നടപടികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ട്രാൻസ്പോർട്ട് കമ്മീഷണറുടെയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും 'കേരള റോഡ് സുരക്ഷാ മിഷൻ' നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. മൂന്ന് വർഷത്തിനുള്ളിൽ റോഡ് അപകട മരണങ്ങൾ പകുതിയായി കുറയ്ക്കുക

എന്നതാണ് ഈ മിഷന്റെ പ്രധാന ലക്ഷ്യം. നാഷണൽ ഹൈവേ 66 പോലുള്ള മൾട്ടിലൈൻ ആധുനിക പാതകളുടെ വികാസത്തിന്റെ പശ്ചാത്തലത്തിൽ, സേഫ് ഡ്രൈവിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും ട്രാഫിക് നിയമങ്ങൾ കർശനമാക്കുന്നതിനും കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി സമഗ്രമായ ഒരു ട്രാഫിക് നയം രൂപീകരിക്കുകയെന്നതാണ് വിഭാവനം ചെയ്തിട്ടുള്ളത് പൊതുജനങ്ങളിൽ കൃത്യമായ അവബോധം വളർത്തി ഒരു പുതിയ റോഡ് സംസ്കാരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'കേരള റോഡ് സുരക്ഷാ മിഷൻ' ആരംഭിച്ചിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**